⇨ *2016 ജൂണിലാണ് മീനാക്ഷിപുരം പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നത്* ⇨

# പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലും ഇനിയും വ്യക്തമല്ലാത്ത സർക്കാർ നിലപാടും

**നീതുദാസ്**

**പ്ലാച്ചിമട** നഷ്ടപരിഹാര ട്രിബ്യൂണലിന്റെ കാര്യത്തിലും കൊക്കക്കോളക്കെതിരായ നിയമനടപടികളുടെ കാര്യത്തിലും കാലതാമസം കൂടാതെ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പാലക്കാട് കലക്ട്രേറ്റിന് മുന്നിലെ അനിശ്ചിതകാല സത്യാഗ്രഹം കൊക്കക്കോള വിരുദ്ധ സമര സമിതി താത്കാലികമായി നിർത്തിവച്ചു. ജൂൺ 15ന് സമരം തുടങ്ങി 54ാം ദിവസം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിലാണ് സമരസമിതിയുടെ തീരുമാനം. പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരത്തിന്റെ പതിനഞ്ചാം വാർഷിക ദിനമായ ഏപ്രിൽ 22ന് തുടങ്ങിയ അനിശ്ചിതകാല സത്യാഗ്രഹസമരം, പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കണമെന്നും പ്ലാച്ചിമടയിലുള്ളവർക്കായി അടിയന്തിര ഇടക്കാല സാമ്പത്തിക സഹായം അനുവദിക്കണമെന്നും പട്ടികജാതി- പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം കൊക്കക്കോള കമ്പനി ഉടമകളെ അറസ്റ്റ് ചെയ്യണമെന്നും വാട്ടർ ആക്ട് പ്രകാരമുള്ള നിയമനടപടികൾ  പൂർത്തിയാക്കണമെന്നുമായിരുന്നു സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്. സമരസമിതി ഉന്നയിച്ച ഒരു വിഷയത്തിലും അഭിപ്രായ വ്യത്യാസമില്ലെന്നാണ് നിയമവകുപ്പ് മന്ത്രി എ.കെ. ബാലനും ജലവിഭവവകുപ്പ് മന്ത്രി മാത്യു ടി. തോമസും മറ്റ് ഉന്നത ഉദ്യോഗസ്ഥരുംകൂടി പങ്കെടുത്ത ചർച്ചയിൽ മുഖ്യമന്ത്രി അറിയിച്ചത്. മൂന്ന് മാസത്തെ സാവകാശമാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. ശരിയായ രീതിയിൽ സമരസമിതി ഉന്നയിക്കുന്ന ആവശ്യങ്ങളിൽ ഇടപെട്ടില്ലെങ്കിൽ കമ്പനിക്കകത്ത് പ്രവേശിച്ച് കുടിൽക്കെട്ടൽ അടക്കമുള്ള ശക്തമായ സമരപരിപാടികളുമായി മുന്നോട്ട് പോകുമെന്ന് നേരത്തെ സമര സമിതി പ്രഖ്യാപിച്ചിരുന്നു.

ട്രിബ്യൂണലിന്റെ കാര്യത്തിലും കമ്പനിയുടെ അധികാരികൾക്കെതിരെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസിൽ നടപടിയെടുക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങളിലും നിയമോപദേശം ആവശ്യമാണെന്നാണ് നിയമസെക്രട്ടറി ബി.ജി.ഹരീന്ദ്രനാഥ് യോഗത്തിൽ അറിയിച്ചത്. നിയമപരമായി ചെയ്യാവുന്ന കാര്യങ്ങൾ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് തീരുമാനിക്കുമെന്ന് മന്ത്രി എ.കെ.ബാലനും പറയുന്നു. പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം 2016 ജൂണിലാണ് മീനാക്ഷിപുരം പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നത്. പ്രതികളെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയെന്നത് നിയമപരമായ ബാധ്യതയാണെന്നിരിക്കേ ഒരു വർഷത്തെ കാലതാമസം ഉണ്ടായിട്ടും നടപടിയെടുക്കാതിരിക്കാൻ എന്ത് നിയമോപദേശമാണ് സർക്കാരിന് തേടേണ്ടതെന്ന് വ്യക്തമല്ല. മലിനീകരണ നിയന്ത്രണ ബോർഡ് 2007ൽ വാട്ടർ ആക്ട് പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ കമ്പനി ജലമലിനീകരണം നടത്തിയതായി തെളിഞ്ഞതായും അത് ശിക്ഷാർഹമാണെന്നും പറയുന്നുണ്ട്. എന്നാൽ വാട്ടർ ആക്ട് പ്രകാരം തന്നെ മറ്റൊരു കേസിൽ വിചാരണ നേരിട്ടുകൊണ്ടിരിക്കുന്നതിനാൽ കമ്പനിക്കെതിരെ പിസിബിക്ക് നിയമനടപടിയുമായി മുന്നോട്ട് പോകാൻ കഴിയില്ലെന്ന് നോട്ടീസിന് മറുപടിയായി കമ്പനി തടസ്സവാദമുന്നയിച്ചതിനെ തുടർന്ന് പിസിബി എല്ലാ നിയമനടപടികളിൽ നിന്നും പിൻവലിയുകയായിരുന്നു. വാട്ടർ ആക്ട് പ്രകാരം ഗോകുൽപ്രസാദ് എന്ന വ്യക്തി നൽകിയ കേസ് തെളിവുകളുടെ അഭാവത്തിൽ 2012 ഓഗസ്തിൽ പാലക്കാട് സിജെഎം കോടതി തള്ളുകയാണ് ഉണ്ടായത്. കമ്പനിയുടെ ആവശ്യപ്രകാരം ഗോകുൽ പ്രസാദ് എന്നയാൾ മനപ്പൂർവ്വം കേസ് നൽകുകയും തെളിവ് ഹാജരാക്കാതെ പിസിബിയുടെ നിയമനടപടികളിൽ നിന്ന് കമ്പനിയെ രക്ഷിക്കുകയുമായിരുന്നുവെന്നും ഇത് പിസിബിയിലെ ഉദ്യോഗസ്ഥരുടെ അറിവോടുകൂടിയാണ് നടന്നതെന്നും സമരസമിതി മുഖ്യമന്ത്രിയുമായുള്ള ചർച്ചയിൽ നൽകിയ വിശദീകരണ കുറിപ്പിൽ ആരോപിച്ചിട്ടുണ്ട്. 2012ലെ വിധി വന്നതോടുകൂടി കമ്പനി ഉന്നയിച്ച തടസ്സവാദം ഇല്ലാതായ സാഹചര്യത്തിൽ, കുടിവെള്ളം മലിനീകരിച്ച ഒരു കമ്പനിക്കെതിരെ വാട്ടർ ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ തുടങ്ങാൻ പിസിബിക്ക് നിർദേശം നൽകുന്നതിലും കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിലും നിയമോപദേശത്തിന്റെ പ്രസക്തി എന്താണെന്ന് വ്യക്തമല്ല.

കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നത് സംബന്ധിച്ച് നാല് നിയമസാധ്യതകളാണ് സമരസമിതി മുഖ്യമന്ത്രിയുമായുള്ള ചർച്ചയിൽ മുന്നോട്ട് വെച്ചത്. ഭരണഘടനയിലെ ആർട്ടിക്ക്ൾ 254(2) പ്രകാരം പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ല് നിയമസഭയിൽ വീണ്ടും പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയക്കുന്നതിന് നിയമതടസ്സങ്ങളൊന്നുമില്ലെന്നും കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള തർക്കമായതിനാൽ കേന്ദ്ര സർക്കാറിന്റെ ഉദ്യോഗസ്ഥനായ സോളിസിറ്റർ ജനറലിന്റെ അഭിപ്രായം മാനിക്കേണ്ടതില്ലെന്നുമാണ് ആദ്യത്തെ സാധ്യത. ട്രിബ്യൂണൽ ബില്ലിൽ ആവശ്യമുള്ള മാറ്റങ്ങൾ വരുത്തി പുതുക്കിയ ബില്ല് രാഷ്ട്രപതിയുടെ അനുമതിക്കായി അയക്കാതെ നിയമസഭക്ക് തന്നെ പാസ്സാക്കാമെന്നതാണ് രണ്ടാമത്തെ സാധ്യത. പരിസ്ഥിതി സംബന്ധിച്ച കേന്ദ്ര നിയമങ്ങളേക്കാൾ ഭരണഘടനയുടെ ആർട്ടിക്ക്ൾ 21 നൽകുന്ന ജീവിക്കാനുള്ള അവകാശത്തിന്റെ ലംഘന

ത്തെയാണ് ബില്ല് അഭിസംബോധന ചെയ്യേണ്ടതെന്നും ബില്ലിൽ നിന്ന് പരിസ്ഥിതി എന്ന വാക്ക് തന്നെ ഒഴിവാക്കാവുന്നതാണെന്നും സമരസമിതി നിർദേശിക്കുന്നു. ഉന്നതാധികാരസമിതി റിപ്പോർട്ടിൽ പറയുന്നത് പ്രകാരം പ്രശ്നപരിഹാരത്തിനായി പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ പരിസ്ഥിതി അതോറിറ്റി രൂപീകരിക്കാൻ കേന്ദ്രത്തിന് അധികാരമുള്ളതായി പറയുന്നുണ്ട്. അതോറിറ്റി രൂപീകരിക്കാൻ കേന്ദ്ര സർക്കാരിന് മേൽ സമ്മർദ്ദം ചെലുത്തുകയെന്നതാണ് മൂന്നാമത്തെ സാധ്യത. ദേശീയ ഹരിത ട്രിബ്യൂണൽ പരിഗണിക്കാനുള്ള വിഷയത്തിന്റെ കാലപരിധി കൂട്ടുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാറിന് മേൽ സമ്മർദ്ദം ചെലുത്തണം എന്നതാണ് നാലാമത്തെ സാധ്യത.

നിയമസഭാ തെരഞ്ഞെടുപ്പ് കാലത്തെ പ്രകടനപത്രികയിൽ പ്ലാച്ചിമട വിഷയം ഉൾപ്പെടുത്തുകയും എന്നാൽ ഭരണം ഒരു വർഷം പിന്നിടുമ്പോൾ നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന്റെ കാര്യത്തിലുള്ള അനാസ്ഥ സർക്കാർ തുടരുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സമരസമിതി നിർദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുള്ളത്. ഭരണഘടനയുടെ 21ാം അനുച്ഛേദം അനുവദിച്ചു നൽകിയിട്ടുള്ള ജീവിക്കാനുള്ള അവകാശത്തിന് മാന്യതയും വിലയും കൽപ്പിക്കാത്ത വിധം പ്രത്യക്ഷവും പരോക്ഷവുമായി ബഹുരാഷ്ട്ര കുത്തകകൾ പ്രവർത്തിക്കുന്നത് അപൂർവമല്ലെന്ന മുഖവുരയോടെയാണ് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിലെ ജലവിഭവവകുപ്പ് മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നത്. 'ഭോപ്പാലിൽ നടന്ന ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്ക്, ജീവൻ നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാൻ കഴിഞ്ഞോ എന്ന് ഓരോ ഇന്ത്യക്കാരനും ചോദിക്കുന്ന ചോദ്യം ഉത്തരമില്ലാതെ അവശേഷിക്കുന്നു. എന്നാൽ ആ ചോദ്യത്തിന് ഉത്തരം നൽകുന്ന ഒരു നിയമനിർമ്മാണമാണിത്. ഇത് രാജ്യത്തിനാകെ മാതൃകയാവണം. നഷ്ടപരിഹാരം തിട്ടപ്പെടുത്താനും അത് നൽകുവാനും കൊക്കക്കോള കമ്പനിക്ക് ബാദ്ധ്യത സ്ഥാപിച്ചു നൽകുന്നതിനുമുള്ള പ്രത്യേക സംവിധാനമാണ് ഈ നിയമനിർമ്മാണത്തിലൂടെ സാധ്യമാകുന്നത്' എന്നായിരുന്നു ബില്ല് അവതരിപ്പിച്ചുകൊണ്ട് മന്ത്രി നിയമസഭയിൽ സംസാരിച്ചത്. നിയമസഭ പാസ്സാക്കിയ ബില്ലിന്മേൽ കേന്ദ്രം വിശദീകരണം ആവശ്യപ്പെടുകയും സംസ്ഥാനം അതിന് മറുപടി നൽകുകയും ചെയ്തിട്ടും ബില്ല് രാഷ്ട്രപതിയുടെ അംഗീകാരത്തിനായി കേന്ദ്രം അയക്കാതിരുന്ന സാഹചര്യത്തിൽ ഇപ്പോഴത്തെ നിയമമന്ത്രിയായ ബാലൻ വിഷയത്തിൽ സംസ്ഥാന നിയസഭയിൽ ഒരു സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിനെ ബില്ല് സംബന്ധിച്ച സംസ്ഥാന നിയമസഭയുടെ വികാരം അറിയിക്കണമെന്നും ബില്ലിന് അംഗീകാരം നേടാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടായിരുന്നു സബ്മിഷൻ. ബില്ലിന്മേൽ വിശദീകരണം ആവശ്യപ്പെട്ട കേന്ദ്രത്തിന് സംസ്ഥാനം മറുപടി കൊടുത്തുകഴിഞ്ഞിട്ടും നിഷേധ നിലപാട് തുടരുന്നത് കേരള ജനതയെ അപമാനിക്കുന്നതിന് തുല്യമാണെന്നും സബ്മിഷനിൽ എ.കെ.ബാലൻ ഉന്നയിച്ചിരുന്നു. സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ലിന് ആധാരമായ വിഷയങ്ങൾ 2010ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിലെ വിഷയങ്ങളിൽ നിന്ന് വേർതിരിക്കാവുന്നതാണെന്നും ആയതിനാൽ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട് നിലവിൽ വന്നിട്ടുണ്ടെങ്കിൽതന്നെയും സംസ്ഥാന ബില്ലിലെ വിഷയത്തിൽ നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാന നിയമസഭക്ക് അധികാരമുണ്ടെന്നും കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടെന്നായിരുന്നു അന്ന് നിയമസെക്രട്ടറി അതിന് മറുപടി നൽകിയത്.

രാഷ്ട്രപതിയുടെ അംഗീകാരമില്ലാതെ കേന്ദ്രം ബില്ല് തിരിച്ചയക്കുകയും പാലക്കാട് കലക്ട്രേറ്റിന് മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹ സമരം തുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ മണ്ണാർക്കാട് എം.എൽ.എ. എൻ. ഷംസുദ്ദീൻ മെയ് 16ന് നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ചിരുന്നു. സംസ്ഥാന നിയമസഭയുടെ അധികാരത്തിന് മേലുള്ള കേന്ദ്രസർക്കാരിന്റെ ഇടപെടൽ അംഗീകരിച്ചുകൊടുക്കുന്ന തരത്തിലായിരുന്നു മുഖ്യമന്ത്രി അതിന് മറുപടി നൽകിയത്. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിലെ വിഷയം ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിന്റെ പരിധിയിൽ വരുന്നതാകയാൽ കേരള നിയമസഭക്ക് ബില്ല് പുനരവതരിപ്പിക്കാൻ കഴിയില്ല എന്ന് നിയമോപദേശം ലഭിച്ചതായി മുഖ്യമന്ത്രി അന്ന് നിയമസഭയെ അറിയിച്ചു. ആക്ഷൻ ഓഫ് കോഴ്സിന്റെ കാലപരിധി കണക്കിലെടുത്താൽ ഹരിത ട്രിബ്യൂണലിൽ വിഷയം പരിഗണിക്കില്ല എന്നതിനാൽ മറ്റ് വഴിയിലൂടെ നഷ്ടപരിഹാരം നേടിയെടുക്കുന്നതിനുള്ള നിയമനടപടികൾ നിയമവിദഗ്ധരുമായി ആലോചിച്ച് തീരുമാനിക്കുമെന്നും മുഖ്യമന്ത്രി സഭയെ അറിയിച്ചു.

സമാനമായ രീതിയിൽ തന്നെയാണ് ജലവിഭവവകുപ്പ് മന്ത്രി മാത്യു ടി.തോമസ് മാർച്ചിൽ നടന്ന നിയമസഭാ സമ്മേളനത്തിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്കുള്ള മറുപടിയായി പറഞ്ഞതും. മാർച്ചിലെ നിയമസഭാസമ്മേളനത്തിന് മുന്നോടിയായി നടന്ന പത്രസമ്മേളനത്തിൽ സ്പീക്കർ ശ്രീരാമകൃഷ്ണനും പാലക്കാട് വെച്ച് നടന്ന ഒരു പൊതുപരിപാടിയിൽ വെച്ച് മന്ത്രി എ.കെ.ബാലനും ബില്ല് നിയമസഭയിൽ പുനരവതരിപ്പിക്കുമെന്ന് പ്രസ്താവിച്ചിരുന്നെങ്കിലും പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന്റെ കാര്യത്തിൽ സർക്കാർ പിന്നോട്ടടിക്കുയാണെന്ന് സംശയിക്കാവുന്ന വിധത്തിലാണ് സർക്കാരിന്റെ പിന്നീടുള്ള പ്രതികരണങ്ങൾ ഉണ്ടായിട്ടുള്ളത്.

പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ല് നടപ്പിലാക്കാൻ കഴിയില്ലെന്ന മന്ത്രി എ.കെ. ബാലന്റെ പ്രസ്താവന പ്രശ്നത്തിൽ നിന്നുള്ള ഒളിച്ചോട്ടവും ഒഴിഞ്ഞുമാറലുമാണെന്ന് കൊക്കക്കോള വിരുദ്ധ സമരസമിതി കുറ്റപ്പെടുത്തിയിരുന്നു. നിയമമന്ത്രി പരസ്യമായി കൊക്കക്കോള കമ്പനിക്ക് അനുകൂലമായി നിലപാടെടുക്കുന്നതിൽ പ്രതിഷേധിച്ചാണ് പാലക്കാടുള്ള മന്ത്രിയുടെ വീട്ടിലേക്ക് മെയ് 28ന് സമരിസമിതി മാർച്ച് നടത്തുന്നത്. സമരസമിതിയുടെ പ്രഖ്യാപനത്തിന് ശേഷം പാലക്കാട് ജില്ലാ കലക്

ടർ സർക്കാറിന്റെ നിർദേശ പ്രകാരം ചർച്ചക്ക് തയ്യാറാവുകയും മന്ത്രിയുടെ വീട്ടിലേക്ക് നടത്തുന്ന മാർച്ചിൽ നിന്ന് സമരസമിതി പിൻമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. സമരത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കണമെന്ന ഉപാധി സമരസമിതി മുന്നോട്ട് വെച്ചതിൽ കലക്ടറിൽ നിന്ന് തൃപ്തികരമായ മറുപടി കിട്ടാത്തതിനെത്തുടർന്നാണ് മാർച്ചിൽ നിന്ന് പിന്മാറേണ്ടതില്ലെന്ന് സമരസമിതി തീരുമാനിക്കുന്നത്. ഈയൊരു പശ്ചാത്തലത്തിലാണ് നഷ്ടപരിഹാരം സംബന്ധിച്ച വിഷയം ആലോചിക്കാൻ തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ പ്രത്യേക യോഗം ചേരുന്ന കാര്യം സർക്കാർ പരിഗണിച്ചത്.

കുറ്റം ചെയ്തതിന്റെ ഉത്തരവാദിത്തം കൊക്കക്കോള കമ്പനിക്ക് മേൽ കൊണ്ടുവരുന്നതിനും പ്ലാച്ചിമടയിലുള്ളവർക്ക് നഷ്ടപരിഹാരം നേടിയെടുക്കുന്നതിനും പുറമെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഭൂഗർഭജലത്തിന്മേൽ അധികാരം നൽകുന്ന തരത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്യണമെന്നും മുഖ്യമന്ത്രിക്ക് നൽകിയ കുറിപ്പിൽ സമരസമിതി ആവശ്യപ്പെട്ടിരുന്നു. പ്രത്യേക വ്യവസായ മേഖലകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള അധികാരങ്ങൾപോലും എടുത്തുകളയുന്ന നിയമനിർമ്മാണം നടത്തുന്ന സർക്കാർ ഭൂഗർഭജലത്തിന്റെ കാര്യത്തിൽ മാത്രം എതിർദിശയിൽ സഞ്ചരിക്കുമോ? കഴിഞ്ഞ സീസണിൽ ശബരിമലയിലെ ശീതളപാനീയ ടെന്റർ കുറ്റവാളിയായ കൊക്കക്കോള കമ്പനിക്ക് അനുവദിച്ചതിൽ ഒരു പിഴവും തോന്നാതിരുന്ന സർക്കാരിന് കമ്പനിക്കെതിരെ നിയമനടപടി സ്വീകരിക്കാൻ കഴിയുമോ? നിയമതടസ്സങ്ങളെ മറികടക്കുന്നതിലൂടെ മാത്രം പരിഹരിക്കപ്പെടാവുന്ന വിഷയമല്ല പ്ലാച്ചിമടയിലേത്. അത് ഇന്നും എന്നും രാഷ്ട്രീയ ഇച്ഛാശക്തിയുടെ കൂടി വിഷയമാണ്. സർക്കാർ ആരുടെയൊപ്പമാണ് എന്നതിന്റെ സാക്ഷ്യപ്പെടുത്തലാണ്. ■

### ആദരാഞ്ജലികൾ



ജൂൺ 7ന് അന്തരിച്ച് പ്രമുഖ പരിസ്ഥിതി-മനുഷ്യാവകാശ പ്രവർത്തകൻ ഡോ. പി.എസ്. പണിക്കർക്ക് ആദരാഞ്ജലികൾ. പ്ലാച്ചിമട സമരത്തിന്റെ തുടക്കം മുതൽ പ്ലാച്ചിമട ഐക്യദാർഢ്യ സമിതിയിൽ സജീവ പങ്കാളിയായിരുന്നു അദ്ദേഹം. മലമ്പുഴ ഡാം സംരക്ഷണ സമിതി, ഭാരതപ്പുഴ സംരക്ഷണ സമിതി എന്നീ സംഘടനകളുടെ നേതൃത്വ സ്ഥാനം വഹിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനായി പാലക്കാട് ജില്ലയിൽ നടക്കുന്ന എല്ലാ ജനകീയ സമരങ്ങളിലും ഡോ. പി.എസ്. പണിക്കറുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

## പ്ലാച്ചിമട കേസ് സുപ്രീംകോടതി തീർപ്പാക്കി

**പ്ലാച്ചിമടയിൽ** ഇനി തുറന്നുപ്രവർത്തിക്കാൻ താത്പര്യമില്ലെന്ന് കൊക്കക്കോള കമ്പനി സുപ്രീംകോടതിയെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കോടതിയുടെ പരിഗണനയിലുള്ള ഹർജികൾ തീർപ്പാക്കണമെന്ന് ഹിന്ദുസ്ഥാൻ കൊക്കക്കോള പ്രൈവറ്റ് ലിമിറ്റഡിന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കെ. വിശ്വനാഥൻ കോടതിയെ അറിയിച്ചു. തുടർന്ന് വിവിധ കക്ഷികളുടെ ഹർജികൾ റോഹിന്റൺ നരിമാനും സഞ്ജയ് കിഷൻ കൗളും ഉൾപ്പെട്ട ബഞ്ച് തീർപ്പാക്കി. 2017 ജൂലായ് 13ന് സുപ്രീംകോടതിയിൽ വാദം തുടങ്ങിയപ്പോൾ തന്നെ കമ്പനിയുടെ ഈ നിലപാട് കൊക്കക്കോളയുടെ വക്കീൽ കോടതിയെ അറിയിച്ചു. കോടതി ആ മൊഴി രേഖപ്പെടുത്തുകയും കേസ് അവസാനിച്ചതായി വിധിപറയുകയുമായിരുന്നു എന്ന് സംസ്ഥാന സർക്കാരിന് വേണ്ടി ഹാജരായ സ്റ്റേറ്റ് കോൺസൽ നിഷേ രാജൻ ശങ്കർ പറഞ്ഞു. അതോടെ സ്റ്റേറ്റ് കോൺസലിനോ, പഞ്ചായത്തിന്റെ വക്കീലിനോ, സമരസമിതിയുടെ വക്കീലിനോ അവരുടെ വാദഗതികൾ അവതരിപ്പിക്കാൻ അവസരം ലഭിക്കാതെ പോയെന്നും അദ്ദേഹം പറഞ്ഞു. അതേസമയം ഈ കേസുമായി ബന്ധപ്പെട്ട നിയമപരമായ ചോദ്യങ്ങൾ തുടരും എന്ന് വിധിയിൽ കോടതി പ്രത്യേകം പറയുന്നതാണ് പ്ലാച്ചിമട സമരത്തെ സംബന്ധിച്ച് പ്രധാന കാര്യം. സുപ്രീംകോടതിയിൽ നിന്നും അന്തിമ വിധി വന്നതോടെ പ്രസ്തുത വിഷയത്തിലെ 2003ലെ ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിയും 2005ലെ ഡിവിഷൻ ബഞ്ചിന്റെ വിധിയും അസാധുവായി. എന്നാൽ ഹൈക്കോടതി കേസുകളിൽ ഉന്നയിക്കപ്പെട്ട മറ്റ് നിയമപരമായ ചോദ്യങ്ങൾ തുടരുമെന്നും അത് സംബന്ധിച്ച പരിശോധന ഇപ്പോൾ നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നുമാണ് സുപ്രീംകോടതി വിധിയുടെ സാരം. പ്ലാച്ചിമടയിൽ ഇനി തുടരാൻ ഉദ്ദേശിക്കുന്നില്ല എന്ന് കോടതിയിൽ അറിയിച്ചുകൊണ്ട് കമ്പനി പിന്മാറിയ സാഹചര്യത്തിൽ പെരുമാട്ടി പഞ്ചായത്ത് കേസ് ജയിച്ചതായി കണക്കാക്കാം എന്ന് പഞ്ചായത്തിന് വേണ്ടി ഹാജരായ അഡ്വ. വി. രഘുനാഥ് പറഞ്ഞു. എന്നാൽ കൊക്കക്കോള കമ്പനിക്ക് മേൽ നിയമപരമായി വിജയിച്ചു എന്ന് പറയാൻ കഴിയില്ലെന്നും അദ്ദേഹം പ്രതികരിച്ചു. ഒരു വ്യവസായശാലയ്ക്ക് ലൈസൻസ് നിഷേധിക്കുന്നതിനുള്ള പഞ്ചായത്തിന്റെ അധികാരം, ഭൂവുടമയ്ക്ക് സ്വന്തം ഭൂമിയിൽ നിന്നും ഭൂഗർഭജലം എടുക്കാനുള്ള അവകാശം, ഭൂഗർഭജല ചൂഷണം നിയമം മൂലം നിയന്ത്രിക്കാനുള്ള തദ്ദേശ ഭരണകൂടങ്ങളുടെ അധികാരം തുടങ്ങിയ ഹൈക്കോടതി ബഞ്ചുകളിൽ കേസ് പരിഗണിച്ചപ്പോൾ ഉയർന്നുവന്ന നിയമപ്രശ്നങ്ങളൊന്നും സുപ്രീംകോടതിയിൽ ഉന്നയിക്കാൻപോലും അവസരമുണ്ടാകാതെ കേസ് തീർന്നിരിക്കുകയാണ്.